പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1813 10.02.2020 -ലെ മറുപടിക്ക്

**<u>കോന്നി കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡിന്റെ നിർമ്മാണ പുരോഗതി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.യു.ജനീഷ് കുമാർ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോന്നി കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദ വിവരം അറിയിക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | കെട്ടിടത്തിന്റെ പണികൾ പൂർണ്ണമായും പൂർത്തീകരിച്ചു കഴിഞ്ഞു. എന്നാൽ അതിർത്തി സംബന്ധിച്ച തർക്കം മൂലം യാർഡിന്റെ പണി തുടരാൻ കഴിഞ്ഞിട്ടില്ല. 2015-ൽ എഗ്രിമെന്റ് വച്ചെങ്കിലും ഇത്രയും കാലതാമസം ഉണ്ടായതിനാൽ പണി തുടർന്ന് ചെയ്യുന്നതിന് താല്പര്യം ഇല്ലായെന്ന് കരാറുകാരൻ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. കോന്നിയിലെ നിർദ്ദിഷ്ട കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനായി 2 ഏക്കർ 70.86 സെന്റ് സ്ഥലമാണ് കോന്നി ഗ്രാമപഞ്ചായത്ത് കെ.എസ്.ആർ.ടി.സി യ്ക്കായി നൽകിയത്. എന്നാൽ ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കെ.എസ്.ആർ.ടി.സിയ്ക്ക് കൈമാറി കിട്ടിയിട്ടില്ല. അതിർത്തി നിർണ്ണയിച്ച് ടി സ്ഥലം കെ.എസ്.ആർ.ടി.സിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് ലഭിക്കുകയും അതിർത്തി തർക്കം പരിഹരിക്കുകയും ചെയ്തതിനു ശേഷം മാത്രമേ പുതിയതായി ടെണ്ടർ വിളിച്ച യാർഡിന്റെ പണി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | പണി പൂർത്തിയാക്കി എന്നത്തേയ്ക്ക് ബസ്സ് സ്റ്റാൻഡിന്റെ പ്രവർത്തനം പൂർണ്ണമായി ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; | | |
| (സി) | ബസ്സ് സ്റ്റാൻഡിന്റെ പണി പൂർത്തിയാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ; | | |
| (ഡി) | ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കി പണി വേഗത്തിൽ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**